"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിലെ ക്ലാർക്ക് ശ്രീ.നവീൻ കുമാറിനെ മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിനു പകരം ശ്രീ. വിനോദ് കെ.സി. -യെ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1537/2023/LSGD തീയതി,തിരുവനന്തപുരം, 27-07-2023**

---

പരാമർശം:- 1. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ഇ3-30524/2017 നമ്പർ കത്ത്.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26/05/2023-ലെ കത്ത്.

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും കാഞ്ഞങ്ങാട് നഗരസഭയിൽ പുനർവിന്യസിച്ചിട്ടുള്ള ക്ലാർക്ക് ശ്രീ.നവീൻ കുമാറിനെ മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് പകരമായി കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസിലെ ക്ലാർക്ക് ശ്രീ.കെ.സി. വിനോദിനെ, ടിയാന്റെ അപേക്ഷ പരിഗണിച്ച്, കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് പുനർവിന്യസിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഡയറക്ടർ അറിയിക്കുകയുണ്ടായി. ശ്രീ.നവീൻ കുമാറിനെതിരെ കാഞ്ഞങ്ങാട് നഗരസഭയിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റു നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ വിഷയം സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആയുഷ് വകുപ്പിന്റെ ശിപാർശ അംഗീകരിച്ചുകൊണ്ട് കാഞ്ഞങ്ങാട് നഗരസഭയിൽ പുനർവിന്യസിച്ചിട്ടുള്ള ക്ലാർക്ക് ശ്രീ.നവീൻ കുമാറിനെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസിലെ ക്ലാർക്ക് ശ്രീ. വിനോദ് കെ.സി. -യെ കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി പുനർവിന്യസിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

**ഡെപ്യൂട്ടിസെക്രട്ടറി**

ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ശ്രീ.നവീൻ കുമാർ, ക്ലാർക്ക്, കാഞ്ഞങ്ങാട് നഗരസഭ. (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന)

ശ്രീ. വിനോദ് കെ.സി, ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, കാസറഗോഡ്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suja M
Date: 27-07-2023 12:05:34

സെക്ഷൻ ഓഫീസർ